# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.112

07.06.2018-ൽ മറുപടിക്ക്

## അക്ഷര സാഗരം പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.കെ.ആൻസലൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ തീരപ്രദേശങ്ങളിലെ സാക്ഷരതാ നിരക്ക് വർദ്ധിപ്പിക്കുന്നതിനായി നടപ്പാക്കി വരുന്ന അക്ഷരസാഗരം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | നിലവിൽ ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | 2016-17 വർഷങ്ങളിൽ ഒന്നാംഘട്ടം എന്ന നിലയിൽ തീരദേശ സാക്ഷരതാ നിരക്കിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കിയത്. രണ്ടാംഘട്ടമായി 2017-18 വർഷത്തിൽ കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പദ്ധതി നടപ്പിലാക്കി വരുന്നു. 2018-19 വർഷത്തിൽ ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പദ്ധതിയുടെ ഭാഗമായി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ എൻട്രൻസ്, പി.എസ്.സി, ബാങ്ക്, സിവിൽ സർവ്വീസ് എന്നീ പരീക്ഷകൾക്ക് സൗജന്യ പരിശീലനം നൽകി വരുന്നുണ്ടോ; | (സി) | ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്ന 'വിദ്യാതീരം' പദ്ധതിയുടെ ഭാഗമായാണ് സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ എൻട്രൻസ്, പി.എസ്.സി, ബാങ്ക്, സിവിൽ സർവ്വീസ് എന്നീ പരീക്ഷകൾക്ക് സൗജന്യ പരിശീലനം നൽകി വരുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലുള്ള 121 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ തീരദേശ വാർഡുകളിലാണ് അക്ഷരസാഗരം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. 2018-19 വർഷത്തോടെ ഒൻപതു തീരദേശ ജില്ലകളിലും അക്ഷരസാഗരം പദ്ധതി നടപ്പിലാക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ